പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3108 — 13.03.2018-ൽ മറുപടിയ്ക്ക്

## ലക്കിടി കൂട്ടുപാത ജംഗ്ഷനിലെ ട്രാഫിക് സിഗ്നൽ ലൈറ്റ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.പി.ഉണ്ണി | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) | പാലക്കാട് - കുളപ്പുള്ളി സംസ്ഥാന പാതയിൽ രൂക്ഷമായ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന ജംഗ്ഷനാണ് ലക്കിടി കൂട്ടുപാത ജംഗ്ഷൻ എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | അപകട സാധ്യതയുള്ള ഈ ജംഗ്ഷനിൽ ഒരു ട്രാഫിക് സിഗ്നൽ ലൈറ്റ് സംവിധാനം സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ; | (ബി) & (സി) | ലക്കിടി കൂട്ടുപാതയിൽ ട്രാഫിക് സിഗ്നൽ സിസ്റ്റം സ്ഥാപിക്കുന്നതിന് പാലക്കാട് പൊതുമരാമത്ത് വകുപ്പിലെ ഇലക്ട്രോണിക് വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർക്ക് റിപ്പോർട്ട് നൽകിയിട്ടുള്ളതാണ്. ടി എൻജിനീയർ സ്ഥലപരിശോധന നടത്തിയിട്ടുള്ളതും സിവിൽ വിഭാഗത്തിൽ നിന്ന് കുറച്ച് എസ്റ്റിമേറ്റുകൾ ലഭിക്കാനുണ്ടെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് നൽകാമെന്നും അറിയിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് ട്രാഫിക് സിഗ്നൽ സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത ട്രാഫിക് സിഗ്നൽ ലൈറ്റ് സംവിധാനം എന്ന് ഏർപ്പെടുത്തുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ | | |

സെക്ഷൻ ഓഫീസർ